പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1657 05.12.2014 ലെ മറുപടിയ്ക്ക്

## ആദിവാസി മേഖലകളിൽ പാരമ്പര്യകൃഷിപദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. എസ്. സുനിൽകുമാർ<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>ശ്രീ. കെ. അജിത്<br>ശ്രീ. കെ. രാജു | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ആദിവാസി മേഖലകളിൽ പാരമ്പര്യകൃഷി പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി എന്നു മുതലാണ് ആരംഭിച്ചതെന്നു വ്യക്തമാക്കാമോ ; | (എ) മണ്ണാർക്കാട് നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട അട്ടപ്പാടി ബ്ലോക്കിലെ ആദിവാസി മേഖലയിൽ "കോംപ്രിഹൻസീവ് അഗ്രിക്കൾച്ചറൽ ഡവലപ്പ്മെന്റ് ഇൻ ട്രൈബൽ ഹാംലെറ്റ്സ് ഓഫ് അട്ടപ്പാടി" എന്ന സമഗ്ര കാർഷിക വികസന പദ്ധതി 2013-14 സാമ്പത്തിക വർഷം ആരംഭിച്ചു. നടപ്പിലാക്കി വരുന്ന പദ്ധതി 2014-15 സാമ്പത്തിക വർഷം പൂർത്തീകരിക്കാൻ സാധിക്കുമെന്ന് കരുതുന്നു. |
| (ബി) ഏതെല്ലാം ഇനം കൃഷിയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത് ; ഇതിൽ ഏതെല്ലാം ഇനം കൃഷിയിറക്കി വിളവെടുത്തു ; | (ബി) ചെറുധാന്യങ്ങൾ, പയറു വർഗ്ഗങ്ങൾ, പഴം, പച്ചക്കറികൾ, തോട്ടവിളകൾ, പരുത്തി എന്നീ വിളകളുടെ കൃഷി വ്യാപനമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രധാന ഘടകം.<br><br>2013-14- ലെ രണ്ടാം വിള സീസണിൽ കൃഷി ഇറക്കി വിളവെടുത്ത വിളകൾ ചുവടെ ചേർക്കുന്നു.<br><br>1. ചെറുധാന്യങ്ങളായ കുവരക്, ചോളം<br>2. പയറു വർഗ്ഗങ്ങളായ പയർ, മുതിര, ഉഴുന്ന്, തുവര പരിപ്പ്<br>3. പച്ചക്കറികൾ |

4. തോട്ടവിളകൾ (കൃഷി ഇറക്കിയത്) തെങ്ങ്, കമുക്, കാപ്പി

2014-15 -ലെ ഒന്നാം വിള സീസണിൽ കുവരക്, ചാമ എന്നീ ചെറുധാന്യങ്ങളും തുവര, മുതിര, പയർ എന്നീ പയറു വർഗ്ഗങ്ങളും പരുത്തി, നിലക്കടല, വിവിധ ഇനം പച്ചക്കറികളും കൃഷി ചെയ്തു. നിലക്കടല, റാഗി, പയർ എന്നിവയുടെ വിളവെടുത്തു.

2014-15 രണ്ടാം വിള സീസണിൽ മുതിര, ഉഴുന്ന്, ചോളം, ബീൻസ് എന്നിവ കൃഷി ചെയ്യാൻ വിത്ത് നല്കുകയും ചെയ്തിട്ടുണ്ട്.

(സി) കൃഷിയിറക്കാത്ത പാടങ്ങളിൽ കൃഷിയിറക്കിയതായി കണക്കുകളുണ്ടാക്കിയതായിട്ടുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടത്തുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നു വിശദമാക്കുമോ ;

(ഡി) കൃഷി വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതി അവലോകനം ചെയ്യുന്നതിനും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും ജില്ലാതലത്തിലും, ബന്ധപ്പെട്ട ബ്ലോക്കുതലത്തിലും (അട്ടപ്പാടി ബ്ലോക്ക്) പഞ്ചായത്തുതലത്തിലും (അഗളി, പുതൂർ, ഷോളയാർ) ഉചിതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ